## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 345 24/06/2014 ൽ മറുപടിയ്ക്ക്

### കാര്യക്ഷമമായ മലിനീകരണ നിയന്ത്രണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എം.പി. വിൻസെന്റ്**<br>**ശ്രീ. ജോസഫ് വാഴക്കൻ**<br>**ശ്രീ. വർക്കല കഹാർ** | **ശ്രീ. ആര്യാടൻ മുഹമ്മദ്**<br>**ഊർജ്ജ വകുപ്പുമന്ത്രി** |
| (എ) മലിനീകരണ നിയന്ത്രണരംഗം കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ; | (എ) ജലമലിനീകരണ (നിവാരണവും നിയന്ത്രണവും ) നിയമം 1974 – പ്രകാരവും 1981 ലെ വായു നിയമപ്രകാരവും പാഴ്ജലം ഒഴുക്കുന്നതിനും ചിമ്മിനിവഴിയും അല്ലാതെയുമുള്ള ബഹിർഗമനങ്ങൾ നടത്തുന്നതിനും വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഉത്തുംഗ കെട്ടിടങ്ങൾക്കും മറ്റും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി നേടേണ്ടത് ആവശ്യമാണ്. മലിനീകരണ നിയന്ത്രണത്തിനായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാര്യാലയങ്ങൾ ജില്ലാ തലത്തിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ തലത്തിലും പ്രവർത്തിച്ചുവരുന്നു. പെരുമ്പാവൂർ, മൂവാറ്റുപുഴ ഭാഗത്തെ മലിനീകരണ നിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കുവാൻ ബോർഡിന്റെ ഒരു ഓഫീസ് പെരുമ്പാവൂരിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ കേന്ദ്രമായ എറണാകുളം ജില്ലയിലെ ഏലൂരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എൻവയൺമെന്റ് സർവയലൻസ് സെന്റർ പ്രവർത്തിച്ചു വരുന്നു.<br>ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനായി ഓൺലൈൻ കൺസന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുകയും ബോർഡിൽ നിന്നു ലഭ്യമാക്കുന്ന സേവനങ്ങളെ സംസ്ഥാനത്തെ സേവനാവകാശ നിയമങ്ങളുടെ പരിധിയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. പെരിയാറിന്റെ ഏലൂർ ഭാഗത്തെ മലിനീകരണം മോണിട്ടർ ചെയ്യാനായി പെരിയാറിന്റെ ഇരുകരകളിലുമായി 24 മണിക്കൂറും |

പ്രവർത്തിക്കുന്ന 8 സർവൈലൻസ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

പെരിയാർ നദിയിൽ മേത്താനം ഭാഗത്ത് ബോർഡ് ജലഗുണനിലവാരം തുടർച്ചയായി നിർണ്ണയിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഫാക്ട്, ഉദ്യോഗമണ്ഡൽ എന്നിവ ഉൾപ്പെടുന്ന വ്യവസായ മേഖലയിലെ വായു ഗുണനിലവാരം തുടർച്ചയായി നിർണ്ണയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ഈ നിരീക്ഷണ ഫലങ്ങൾ ഡിസ് പ്ലേ ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. വൈറ്റിലയിൽ വായു ഗുണനിലവാരം തുടർച്ചയായി അളന്ന് അപ്പപ്പോൾ പ്രദർശിപ്പിക്കാൻ ഒരു കണ്ടിന്യുവസ് ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് ഡിസ് പ്ലേ സ്റ്റേഷൻ സ്ഥാപിക്കാൻ കൊച്ചി റിഫൈനറിയുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. ഇത്തരത്തിലുള്ള ഒരു സ്റ്റേഷൻ തിരുവനന്തപുരത്ത് സ്ഥാപിക്കുവാനുള്ള നടപടിയും പുരോഗമിച്ചുവരുന്നു.

പത്ര ദൃശ്യ മാധ്യമങ്ങൾ വഴി പൊതുജന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും അവയർനസ് വാൻ ഉപയോഗിച്ച് ബോധവൽക്കരണം നടത്തിവരുകയും ചെയ്യുന്നുണ്ട്. സ്റ്റേറ്റ് ആംബിയന്റ് വാട്ടർ /എയർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സ്ഥലങ്ങളിലെ ജല-വായു ഗുണനിലവാര നിർണ്ണയം നടത്തി മലിനീകരണ നിയന്ത്രണ ബോർഡ് ഡയറക്ടറി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ആശുപത്രി മാലിന്യം സംസ്കരിക്കുന്നതിനായി പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ മാന്തുരുത്തിയിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (IMA) കേരള ഘടകത്തിന്റെ മേൽ നോട്ടത്തിൽ 'IMAGE' എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജന സംവിധാനം ഏർപ്പെടുത്തുന്നതിനായി കേന്ദ്ര സഹായത്തോടു കൂടി പൊതുസംവിധാനം സ്ഥാപിക്കുന്നതിനായി തത്പര കക്ഷികളിൽ നിന്നും ബോർഡ് Expression of Interest (EoI) വിളിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

അപകടകരമായ ഖരമാലിന്യം സംസ്കരിക്കുന്നതിനായി ഒരു പൊതു ഹസാർഡസ് വേസ്റ്റ് സംസ്കരണ സംവിധാനം Kerala Enviro

| | |
|---|---|
| | Infrastructure Ltd. ന്റെ ഉടമസ്ഥതയിൽ എറണാകുളം ജില്ലയിലെ അമ്പലമുകളിൽ പ്രവർത്തിച്ചു വരുന്നു. |
| | ശബരി മല തീർത്ഥാടന കേന്ദ്രം, മരാമൺ കൺവെൻഷൻ, ആറ്റുകാൽ എന്നിവിടങ്ങളിൽ ഉത്സവ സമയത്ത് ബോർഡ് മോണിറ്ററിംഗ് നടത്താറുണ്ട്. കേരളത്തിന്റെ വ്യവസായ കേന്ദ്രമായ പെരിയാറിന്റെ തീരത്തുള്ള (ഏലൂർ, എടയാർ ഭാഗം) വ്യവസായങ്ങളുടെ മോണിറ്ററിംഗുമായി ബന്ധപ്പെട്ട് 24 മണിക്കൂറും പ്രവർത്തിക്കുന്ന പരിശോധനാ സജ്ജമായ ഒരു സർവൈലൻസ് വാൻ ബോർഡ് പ്രവർത്തിപ്പിച്ചു വരുന്നു. |
| (ബി) ഈ രംഗത്ത് സംസ്ഥാനം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) മലിനീകരണ നിയന്ത്രണ രംഗത്ത് സംസ്ഥാനം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ;<br>1. ഗാർഹിക മാലിന്യങ്ങളുടെ ശരിയായ ശേഖരണം, നിർമാർജനം എന്നിവ യഥാ സമയം നടക്കാത്തത് മൂലമുള്ള പരിസര മലിനീകരണം.<br>2. കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ജനവാസം കൂടിയ പഞ്ചായത്ത് , ടൌൺഷിപ്പുകൾ എന്നിവിടങ്ങളിൽ സീവേജ് ശേഖരിച്ച് സംസ്കരിച്ച് നിർമാർജനം ചെയ്യുന്നതിനായി പൊതു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഇല്ലാത്തതു മൂലം നദികളിലും ജലാശയങ്ങളിലുമുള്ള കോളിഫോം ബാക്ടീരിയ യുടെ അധിക സാന്നിധ്യം .<br>3. ആശുപത്രി മാലിന്യം സംസ്കരിക്കുന്നതിനായി പൊതുസംവിധാനങ്ങളുടെ അപര്യാപ്തത.<br>4. സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യ നിർമാർജനത്തിന് നിലവിൽ ഫലപ്രദമായ സംവിധാനങ്ങളുടെ അഭാവം.<br>5. സംസ്ഥാനത്ത് ഇ - മാലിന്യം സംസ്കരിക്കുന്ന തിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത. |

6. പൊതു മലിന ജല ശുദ്ധീകരണ സംവിധാനം (CETP) സംസ്ഥാനത്തെ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക വേണ്ടി പൊതുമാലിന്യ സംസ്കരണ സംവിധാനം നിലവിലില്ല. കൂടുതൽ ചെറുകിട (ക്ലസ്റ്റർ) വ്യവസായങ്ങൾ പ്രവർത്തിക്കുന്ന മേഖലയായ കൊല്ലത്തെ കശുവണ്ടി സംസ്കരണമേഖല, ആലപ്പുഴയിലെ ചെറുകിട മത്സ്യ സംസ്കരണ ശാലകൾ, ഏലൂർ എടയാർ മേഖലയിലെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് പൊതു ശുദ്ധീകരണ സംവിധാനങ്ങളുടെ അഭാവം.

(സി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് & എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതികളുടെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

(സി) (ഡി) പ്രശ്ന പരിഹാരത്തിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിന് ആവശ്യമായ കൂടുതൽ പൊതു സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന്റെ സെൻട്രൽ സെക്ടർ സ്കീമിൽ (CSS) ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതു ബയോ മെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ നടപടി കൈക്കൊണ്ടുവരുന്നു. എറണാകുളത്ത് പൊതു സംവിധാനം സ്ഥാപിക്കുന്നതിനായി കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KEIL) എന്ന സ്ഥാപനം ബോർഡിൽ നിന്നും അനുമതി നേടിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് കിനാലൂർ വ്യവസായ എസ്റ്റേറ്റിൽ Malabar Enviro Vision Private Ltd. എന്ന സ്വകാര്യ സ്ഥാപനം ഇതിനായി സ്ഥലം കണ്ടെത്തുകയും ബോർഡ് അതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. IMA യുടെ സ്വന്തം നിലയിലുള്ള ഒരു പൊതു സംവിധാനം പാലോട് പ്രദേശത്ത് സ്ഥാപിക്കുന്നതിനായി ബോർഡിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്.

2. പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിനായി പാലക്കാടുള്ള മലബാർ സിമന്റ്സുമായുള്ള കോ-ഇൻസിനറേഷൻ പദ്ധതിക്കുള്ള ശ്രമം നടന്നു

വരുന്നു.

3. സംസ്ഥാനത്ത് നിലവിൽ ഇ - മാലിന്യം ശേഖരിച്ച് അന്യ സംസ്ഥാനത്തുള്ള അംഗീകൃത റീസൈക്ലർ /ഡിസ്മാന്റ്ലർക്ക് നൽകുന്നതിന് ഇ-മാലിന്യ ശേഖരണ സെന്ററുകൾക്ക് ബോർഡിൽ നിന്നും അനുമതി നൽകി വരുന്നു. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ ഇ -മാലിന്യ ശേഖരണ സംവിധാനം നടപ്പിലാക്കുന്നതിന് ശ്രമങ്ങൾ നടത്തി വരുന്നു.

4. പൊതു മലിന ജല ശുദ്ധീകരണ സംവിധാനങ്ങൾക്കായി (CETP) ആലപ്പുഴ ജില്ലയിൽ അരൂരിൽ ACCEPT Society ക്ക് രൂപം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഏലൂർ - എടയാർ മേഖലയ്ക്കുവേണ്ടി ചെറുകിട വ്യവസായ സംരംഭകരുടെയും വ്യവസായ വകുപ്പിന്റെയും സഹായത്തോടുകൂടി ഒരു പൊതു മലിന ജല ശുദ്ധീകരണ സംവിധാനം സ്ഥാപിക്കുന്നതിനായി നടപടികൾ കൈക്കൊണ്ടു വരുന്നു.

സെക്ഷൻ ഓഫീസർ